**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളിലെയും നദികളിലെയും ജലഗുണനിലവാരം ഉറപ്പാക്കാൻ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിമാരകമായ ജലജന്യ രോഗങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളുടെയും ജല ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ജില്ലാ തലത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അടിയന്തിര യോഗം ചേർന്ന് മുൻകരുതലുകൾ സ്വീകരിക്കുകയും കൂടാതെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന കുളങ്ങളും ജലസ്രോതസ്സുകളും വൃത്തിയാക്കിയും അവയിലേക്ക് എത്തുന്ന മാലിന്യ വഴികൾ അടച്ചും പൊതു ജലസ്രോതസ്സുകളിലെ ജലശുദ്ധി ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ബോധവത്കരണ നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളിലെയും ജലത്തിന്റെ ഗുണനിലവാരം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ ജലാശയങ്ങൾക്ക് സമീപം പ്രദർശിപ്പിക്കുന്നതിനുമുള്ള സാധ്യത പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കുടിവെള്ള സ്രോതസ്സുകളിലെ ജലം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കിണറുകളിലും ടാങ്കുകളിലും ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മാരകമായ അമീബിക് മസ്തിഷ്കജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജലസ്രോതസ്സുകളെ സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | "ജലമാണ് ജീവൻ" എന്ന പേരിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ ഹരിത കേരള മിഷൻ ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ളതാണ്. കൂടാതെ സംസ്ഥാനത്തെ കിണറുകൾ, ജലസംഭരണ ടാങ്കുകൾ, നീന്തൽ കുളങ്ങൾ, വാട്ടർ തീം പാർക്കുകൾ എന്നിവ ശുചിത്വത്തോടെ ക്ലോറിനേറ്റ് ചെയ്ത് പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനകീയ ശുചീകരണ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ജല സ്രോതസ്സുകളിലേക്ക് മാലിന്യം വലിച്ചെറിയുന്നവർക്ക് പിഴ ഈടാക്കിയിട്ടുള്ളതും അമീബിക് മസ്തിഷ്ക ജ്വരം തടയാൻ വിപുലമായ |

| | | | |
|---|---|---|---|
| | | | ബോധവത്കരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നതുമാണ്. |
| (ഡി) | പൊതുകുളങ്ങൾ, നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ തുടങ്ങി പൊതുജനങ്ങൾ കൂട്ടമായി ഉപയോഗപ്പെടുത്തുന്ന ജലാശയങ്ങളുടെ ജലഗുണനിലവാരം സംബന്ധിച്ച് നിബന്ധനകൾ നിർദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവ ക്ലോറിനേഷൻ നടത്തി ജല ഗുണ നിലവാരം പരിശോധിച്ച് വരുന്നു. വെള്ളം കെട്ടികിടക്കുന്നതും ഒഴുക്ക് നിലച്ചതും പായൽ മൂടി കിടക്കുന്നതുമായ കുളങ്ങളിലും തോടുകളിലും ഇറങ്ങുന്നത് ഒഴിവാക്കണമെന്ന നിർദ്ദേശവും ബോധവത്കരണവും പൊതുജനങ്ങൾക്ക് ആരോഗ്യവകുപ്പ് മുഖേന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ